## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.799** **10.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എം.സ്വരാജ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട് സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ഈ സർക്കാർ അധികാരമേറ്റ ശേഷം 25.06.16 -ലെ സ.ഉ(എം.എസ്) നം.43/2016/പജപവവിവ പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക് പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും, സ്റ്റൈപ്പന്റും 25% വർദ്ധിപ്പിച്ചുത്തരവായിരുന്നു. തുടർന്ന് 23.07.16 -ലെ സ.ഉ(പി) നം.4/2016/പജ.പവ.വിവ ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത 10 ലേക്ക് ക്രമപ്പെടുത്തി ഉത്തരവായിരുന്നു.<br>2. വകുപ്പ് മുഖേന നൽകി വരുന്ന ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി Polytechnic, Bsc Computer Science, MBBS, BAMS, BHMS, BVSC & AH, MBA, B.Arch, Msc Electronics, Mphil, PhD. കോഴ്സുകളെ കൂടി ഉൾപ്പെടുത്തി.<br>3. BTech വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുവാൻ Remedial Coaching നൽകുന്ന പദ്ധതി IHRD യുടെ നിയന്ത്രണത്തിലുള്ള Model Finishing School വഴി 2017-18 മുതൽ നടപ്പിലാക്കി വരുന്നുണ്ട്.<br>4. നൃത്ത/സംഗീത വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>5. 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വരുന്ന ചെലവ് |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനായി പ്രൈമറി/സെക്കണ്ടറി എയ്ഡ് ആയി 2,000/-രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>6. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കിക്കൊണ്ട് 25 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു.<br>7. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പഠനമുറി പണിയുന്നതിന് 2,00,000/-രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി. 11276 പഠനമുറികൾ അനുവദിച്ചു.<br>8. BTech വിദ്യാർത്ഥികളുടെ കോഴ്സുകളിൽ പിന്നാക്കം നിൽക്കുന്ന പേപ്പറുകൾക്ക്/വിഷയങ്ങൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിന് ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പുമായി ചേർന്ന് പ്രത്യേക ട്യൂഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>9. ഐ.റ്റി.ഐ.കൾ നവീകരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുകയും ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് പ്രഭാത, മദ്ധ്യാഹ്ന ഭക്ഷണം നൽകുകയും ചെയ്തു.<br>10. ക്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ എം.ആർ.എസ്സുകളിലെ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗദർശന പരിപാടികൾ സംഘടിപ്പിച്ചു. |
| (ബി) | കൂടുതലായി ഏതെങ്കിലും പദ്ധതികൾ ഇതിലേക്കായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | **<u>വിദ്യാഭ്യാസമേഖലയിൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ</u>**<br>1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട, B.Tech ന് നല്ല മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ഉയർന്ന GATE score നേടുന്നതിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ അയച്ച് പരിശീലനം നൽകുന്ന പദ്ധതി.<br>2. Higher Secondary ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനും പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനുമായി എൻട്രൻസ് അധിഷ്ഠിത special tuition പദ്ധതി.<br>3. കാർഷിക സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു കാർഷികകോളേജ് പദ്ധതി പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**